# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.14/1626/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/10/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.14/1626/2024 തീയ്യതി: 18/10/2024

## കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 27-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 27-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.രഞ്ജിത് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജനി സുധാകരൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി സോഫിയ മാത്യു | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. കാതറിൻ പ്രിമ തോമസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ. ശ്രീജ എം എസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2023 | 27-08-2023 |
| ഡോ. ആസിയ എം എം | മെഡിക്കൽ ഓഫീസർ , ആയുർവേദം | 28-08-2023 | 31-03-2024 |
| ഡോ. നജീബ് എ പി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. അജ്മൽ പി എം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ ആകാശ് ടോം | വി ഇ ഓ | 01-04-2023 | 17-10-2023 |
| ശ്രീ. റിക്സ്മോൻ കുര്യൻ | വി ഇ ഓ | 18-10-2023 | 31-03-2024 |
| ശ്രീമതി മിനി ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 09-11-2023 |
| ശ്രീമതി സാജിദ എ ഖാദർ | ഹെഡ് മിസ്ട്രസ് , ഗവ. എൽ.പി സ്കൂൾ | 01-04-2023 | 31-03-2024 |
| ശ്രീമതി മീഡിയ റാണി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2023 | 31-03-2024 |
| ശ്രീമതി അനു കുമാരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. സനീത്കുമാർ എൻ ടി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ഓമന എം ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2023 | 19-02-2024 |
| ശ്രീമതി ആര്യ എൽ എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-02-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല. | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ ആധികാരികത വ്യക്തമല്ല. | 1-1-5 |
| 7 | വാടക വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-6 |
| 8 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല. | 1-1-10 |
| 12 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-11 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല. | 1-1-13 |
| 15 | ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല . | 1-1-14 |
| 16 | ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-15 |
| 17 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല . | 1-1-16 |
| 18 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ തുക ചെലവഴിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതിഅവലോകനം | 1-5 |
| 23 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-11 |
| 29 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-12 |
| 30 | 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല. | 1-13 |
| 31 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു. | 1-14 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി- അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കുന്നില്ല. | 1-15 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-16 |
| 34 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 35 | റേഷൻ കടകളും കള്ളുഷാപ്പുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 36 | ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു. | 1-19 |
| 37 | ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 1-20 |
| 38 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേയ്ക്ക് ഒടുക്കുന്നില്ല | 1-21 |
| 39 | മഴക്കാലപൂർവ്വ ശുചീകരണം - അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു | 1-22 |
| 40 | വെള്ളക്കരം അടവാക്കൽ– സംയുക്ത പരിശോധന നടത്തിയിട്ടില്ല-ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു | 1-23 |
| 41 | തലനാട് എൻ.എച്ച് .എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-24 |
| 42 | തലനാട് പ്രൈമറി ഹെൽത്ത് സെന്റർ- നവീകരണം പൂർത്തിയായെങ്കിലും എഫ് എച്ച് സി ആയി അപ്ഗ്രേഡ് ചെയ്തിട്ടില്ല | 1-25 |
| 43 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികൾ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-26 |
| 44 | സുഭിക്ഷകേരളം- മുറ്റത്തൊരു മീൻതോട്ടം- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-27 |
| 45 | 24-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്- പൊളിച്ചുമാറ്റിയ ആസ്ബെസ്റ്റോസ് ഷീറ്റിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല | 1-28 |
| 46 | മരാമത്ത് പ്രവൃത്തികളുടെ ഇൻഷ്വറൻസ് രേഖകൾ സമർപ്പിക്കാത്തത് | 1-29 |
| 47 | കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-30 |
| 48 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-31 |
| 49 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലനാട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 01/06/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 18.10.2024** **ഡെപ്യൂട്ടിഡയറക്ടർ**

### 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

### 1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-4 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല.

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ ആധികാരികത വ്യക്തമല്ല.

2023-24 ൽ ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 61.77 ലക്ഷം രൂപയുടെ സംക്ഷിപ്ത വിവരം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ (Depreciation Calculation Sheet) വ്യക്തമാക്കിയിട്ടില്ല.

### 1-1-6 വാടക വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

2023-24 വർഷം പഞ്ചായത്തിന് 5556/- രൂപ കെട്ടിട വാടകയിനത്തിൽ വരവുണ്ട്. മുഴുവൻ തുകയും 431400101-Rent Receivables From Buildings എന്ന കണക്ക് ശീർഷകത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മേൽ തുകയിൽ 1000/- രൂപ 431400198- Other Rents Receivables എന്ന ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.

**1-1-7 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.**

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ ഫണ്ടുകളുടെയും മുൻബാക്കി വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ്, നിർമൽ പുരസ്കാർ എന്നിവയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല .

**1-1-8 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ബി 18 ഷെഡ്യൂളിലെ 460509901 - Advance To Others എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 36,600/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. മുന്നിരിപ്പ് തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

**1-1-9 അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

അക്രൂവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം) യുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ധനകാര്യ പത്രികയിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

**1-1-10 Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല.**

മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട - ( 18,689 ) രൂപയുടെ ആധികാരിത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. Prior Period ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കേണ്ടതായിരുന്നു.

**1-1-11 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല**

തൊഴിലുറപ്പ് പദ്ധതിക്കായുള്ള MGNREGA Holding ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ (SBI തീക്കോയി ബ്രാഞ്ച് , അക്കൗണ്ട് നം.41487338041) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

**1-1-12 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

340100201 - Contractors Security Deposit ഇനത്തിലെ തുകയുടെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-13 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല.**

2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999 - Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.27 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ചുള്ള ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് .

**1-1-14 ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല .**

31/03/2024 ബാലൻസ് ഷീറ്റ്, ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായ 131721/- രൂപയുടെ വിശദാംശം ഏ.സി.ആർ.-ൽ ലഭ്യമല്ല. മേൽതുക യഥാവിധി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടവാക്കിയോ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

**1-1-15 ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു.**

31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം റോഡുകളും പാലങ്ങളും ഇനത്തിൽ 2.60 കോടി രൂപയുടെ ആസ്തി മാത്രമാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ റോഡുകളും പാലങ്ങളും ഇനത്തിലുള്ള 31/03/2024 ലെ സഞ്ചിത മൂല്യശോഷണം 3.11 കോടി രൂപയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല .**

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. മേൽ ഷെഡ്യൂളുകൾ തമ്മിൽ 89000/-രൂപയുടെ വ്യത്യാസമാണുള്ളത്. ടി തുക ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയാണ്. ആയത് സംബന്ധിച്ച Notes On Account തയ്യാറാക്കിയിട്ടില്ല.

**1-1-17 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ തുക ചെലവഴിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ ഇനത്തിൽ 996900 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക 254200106 - State Sponsored Schemes- Pension For Physically Challenged/Mentally Challenged Persons എന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-2 ബജറ്റ്**

2023-24 പുതുക്കിയ ബജറ്റ് 14.02.2024 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ആദ്യ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | -(11,33,519) | -(28,34,451) |
| വരവ് | 5,77,08,815 | 8,69,38,100 |
| ആകെ | 5,65,75,296 | 8,41,03,649 |
| ചെലവ് | 5,94,09,747 | 8,56,26,550 |
| നീക്കിയിരിപ്പ് | -(28,34,451) | -(15,22,901) |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 4636372 |
| ഓഡിറ്റ് വർഷത്തെ വരവ് | 21949994 |
| ആകെ | 26586366 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 17912408 |
| നീക്കിയിരിപ്പ് | 8673958 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 4,53,52,380 |
| ആകെ ചെലവ് | 5,52,70,152 |
| വരുമാന നഷ്ടം (Deficit) | -(99,17,772) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -(2,06,23,364) |
| അറ്റ വരുമാനം | 1,07,05,592 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 416588 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9463000 | 9463000 | 6940369 | 2522631 | 73.34 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1335000 | 1335000 | 938505 | 396495 | 70.30 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1916000 | 1916000 | 1608188 | 307812 | 83.93 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 975350 | 975350 | 909328 | 66022 | 93.23 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1754600 | 1754600 | 1616937 | 137663 | 92.15 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 304787 | 1631311 | 1936098 | 1043062 | 893036 | 53.87 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 1942299 | 1175000 | 3117299 | 2274809 | 842490 | 72.97 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 9543 | 11747372 | 11756915 | 11756561 | 354 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 316329 | 400852 | 717181 | 148064 | 569117 | 20.64 |
| ടോട്ടൽ സാനിട്ടേഷൻ | 290863 | 0 | 290863 | 0 | 290863 | 0 |
| ശുചിത്വമിഷൻ | 1017618 | 0 | 1017618 | 144157 | 873461 | 14.16 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| ഹെൽത്ത് ഗ്രാന്റ്- 1 | 0 | 780823 | 780823 | 148906 | 631917 | 19.07 |
| ഹെൽത്ത് ഗ്രാന്റ്- 2 | 0 | 2800245 | 2800245 | 0 | 2800245 | 0 |
| ഹെൽത്ത് ഗ്രാന്റ്- 3 | 0 | 440851 | 440851 | 219174 | 221677 | 49.71 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിലെ വരവിൽ ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ള 64311 രൂപയുടെ വരവും ഉൾപ്പെടുന്നു.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1104580/-രൂപ, 200315/-രൂപ 1019048/-രൂപ വീതം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയത്തിനുള്ള വിഹിതം എന്നീ ഇനങ്ങളിൽ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 1, 2, 3 എന്നിവയിലെ നീക്കിയിരിപ്പ് B4 ഷെഡ്യൂൾ ,ട്രയൽ ബാലൻസ് എന്നിവയിലെ തുകകൾ RP 40(b) യിലെ തുകകളുമായി 1 രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

**1-5 പദ്ധതിഅവലോകനം**

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.02.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 29.01.2024 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 1(1)/ 24.11.2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 03.12.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 10.12.2022 മുതൽ 18.12.2022 വരെ |
| ആസൂത്രണസമിതി യോഗം | 03.12.2022 |
| വികസനസെമിനാർ | 10.01.2023 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 06.06.2023, മുതൽ 13.06.2023 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 07.01.2023 |

| | |
|---|---|
| ഊരുകൂട്ടം | 06.06.2023 മുതൽ 10.06.2023 വരെ |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 174 | 66747021 | 117 | 23845080 (35.72%) | 57 | 67.24 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1235700 | 7 | 964965 |
| വെറ്റിനറി സർജൻ | 8 | 1816600 | 7 | 1177577 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 11 | 2517539 | 8 | 1070426 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 315000 | 3 | 315000 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 140000 | 1 | 120000 |
| വി.ഇ.ഒ | 19 | 36226019 | 12 | 9366015 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 2552900 | 7 | 1034286 |
| സെക്രട്ടറി | 44 | 6261391 | 32 | 5426669 |
| അസിസ്റ്റന്റ് എൻജിനീയർ | 64 | 14501872 | 34 | 3721380 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 550000 | 2 | 339411 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 5 | 630000 | 4 | 309351 |
| ആകെ | 174 | 66747021 | 117 | 23845080 |

**എ) 3430623/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3430623/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് | 9463000 | 6940369 | 2522631 |

| | | | |
|---|---|---|---|
| (പൊതുവിഭാഗം) | | | |
| വികസന ഫണ്ട് (എസ്.സി.പി) | 1335000 | 938505 | 396495 |
| വികസന ഫണ്ട് (ടി.എസ്.പി) | 1916000 | 1608188 | 307812 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 975350 | 909328 | 66022 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1754600 | 1616937 | 137663 |
| ആകെ | | | 3430623/- |

അംഗീകാരം ലഭിച്ച പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 34 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ബി) നിക്ഷേപ പ്രവൃത്തികൾ- 852366/- രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.**

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 852,366/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 73,999/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 778,367/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷവും നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**സി) മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2023-24 വർഷം 73 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 223 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 91 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 65 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 117.56 ലക്ഷം രൂപ. 29853 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 165 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 83 അയൽക്കൂട്ടങ്ങളിൽ 83 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 426

കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കുളം നവീകരണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 9543 | 738283 | 747826 | 747472 | 354 |
| ഇ.എഫ്.എം.എസ് | 0 | 11009089 | 11009089 | 11009089 | 0 |
| ആകെ | 9543 | 11747372 | 11756915 | 11756561 | 354 |

വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-7 സാമൂഹ്യ ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1043200 | 87 |
| വിധവാ പെൻഷൻ | 1898300 | 176 |
| വാർദ്ധക്യകാല പെൻഷൻ | 6805900 | 670 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 996900 | 91 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 204200 | 19 |
| തൊഴിൽ രഹിത വേതനം | 14280 | 11 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 01 |

- മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2024 തീയതി 3.15 പി എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3482/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2023 -31.10.2023 | 2018-19 മുതൽ 2022-23 വരെ | Audit I/AMG-I/(HQ)III/II/C-3/8A-66 /2023-24/240 തീയതി : 15.11.2023 |
| പെർഫോർമൻസ് ഓഡിറ്റ് | 22.06.2022 & 20.10.2022 | 2021-2022 | 22.10.2022 |

## 1-11 ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ ക്രമീകരിക്കേണ്ടതാണ്

വാർഷിക കണക്കുകളുടെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, പ്രോജക്റ്റ് പ്രകാരം ചെലവഴിച്ചുവരുന്ന തുകകളോ വ്യക്തമായ പ്രോജക്റ്റുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്. ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കണക്ക് ശീർഷകങ്ങളിൽ ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം | ഇനം | തുക (രൂപ) |
|---|---|---|---|
| 1 | 320900102 | Donations Related To Pandemic/Epidemic Control | 42040 |
| 2 | 320100198 | Grant From Suchitwa Mission | 873461 |
| 3 | 320300399 | Grants , Funds & Contribution For Specific Purposes - Other Government Agencies | 108753 |
| 4 | 320700204 | Contribution For Joint Venture Projects ( Rvenue Exp) - From Block | 13080 |

| | | | |
|---|---|---|---|
| | | Panchayat | |
| 5 | 320700405 | Contribution For Other Specific Purposes ( Rvenue Exp) –From Dist Panchayat | 118641 |
| 6 | 320800199 | Contribution For Other Specific Purposes - Capital | 150000 |
| 7 | 320800101 | Beneficiary Contributions | 539 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/26-09-24) മറുപടി ലഭ്യമാക്കിയില്ല. ലഭിച്ച തുകകൾ ചെലവഴിക്കുന്നതിനോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഏജൻസികളിൽ തിരികെ അടവാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

**1-12 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ 31/03/2024 ലെ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഏജൻസികൾക്കും വ്യക്തികൾക്കും നൽകിയിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32 പ്രകാരം നിശ്ചിത കാലയളവുകൾക്കുള്ളിൽ മുൻകൂറുകൾ ക്രമീകരിക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | മുൻകൂർ ഇനം/കൈപ്പറ്റിയ അതോറിറ്റി | മുൻകൂർ തുക |
|---|---|---|---|
| 1 | 460500202 | Kerala State Electricity Board | 73999 |
| 2 | 460500204 | Ground Water Department | 778367 |
| 3 | 460500801 | Advance To MGNREGA | 21636 |
| 4 | 460509901 | Advance To Others | 36600 |
| ആകെ | | | 910602 |

മേൽ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/26-09-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. മുൻകൂറുകൾ 2024-25 വർഷം തന്നെ ക്രമീകരിച്ച ശേഷം ക്രമീകരണ വരവ്/ജേർണൽ വൗച്ചർ Advance Register-ൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പേജുകളുടെ പകർപ്പ് ഉൾപ്പടെ വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-13 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല.**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ തലനാട് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 20.04.2023 ലെ 03(01) നമ്പർ തീരുമാനപ്രകാരം തലനാട് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് 27.04.2023 ലെ എസ്.സി.2-993/23 നമ്പർ നോട്ടീസ് പ്രകാരം കരട് വിജ്ഞാപനം ചെയ്യുകയും ആയത്

ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകിയിരുന്നെങ്കിലും സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ 30.06.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു. ഉദാഹരണം, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6 രൂപയിൽ നിന്ന് 9 രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും 16.06.2023 തീയതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ഫ്ലോറൻസ് ജോസഫ്, പായിപ്പാട്ട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/135 D നമ്പർ കെട്ടിടത്തിന് 6 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം 01/04/2023 ന ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ തന്നെ വസ്തുനികുതിയിൽ നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 14/24-09-2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM മുഖേന അടിയന്തിരമായി പരിഹരിച്ച് നികുതി നിരക്ക് കൃത്യമാക്കേണ്ടതും കുറവുവന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും ആയതു ഈടാക്കി വിശദാംശം ഓഡിറ്റിനെ രേഖാമൂലം മറുപടിയിൽ അറിയിക്കേണ്ടതുമാണ്.

**1-14 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 5/142 B | പരമശിവൻഎം | അടുക്കം-മേലടുക്കം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 5/142 C | റോയി തുണ്ടത്തിൽ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 6/145 E | രാജലക്ഷ്മി, ലക്ഷ്മിഭവൻ | ചാമപ്പാറ -ഇല്ലിക്കൽ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

| | | | | |
|---|---|---|---|---|
| 4 | 6/145D | ജസ്റ്റിൻ ഹെൻട്രി | കല്ല് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 8/146 B | ജിക്കു ഓലിക്കൽ | വാഗമൺ-പുള്ളിക്കാനം | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 8/146 A | വിക്ടർ വി ജോർജ് | | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 15/25.09.2024) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ ഭൗതിക പരിശോധന നടത്തിയും ഫോം 6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും അനന്തര നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്
.

**1-15 ജീവനക്കാരുടെ തൊഴിൽ നികുതി- അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കുന്നില്ല.**

2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധവർഷത്തെ ആകെ ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം, തലനാട് | ശ്രുതി ടി സാബു ജെപിഎച്ച്എൻ | 2 | 200682 | 1250 | 1000 | 250 |
| | മെബിൻവർഗീസ് ജെ പിഎച്ച്എൻ | 2 | 200682 | 1250 | 1000 | 250 |
| | റെജിസ് മോൾ ജെ പി എച്ച് എൻ | 2 | 200682 | 1250 | 1000 | 250 |

ഗ്രാമപഞ്ചായത്തിൽ സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായാണോ തൊഴിൽ നികുതി അടവാക്കിയിരിക്കുന്നതെന്ന് പരിശോധിക്കാതെയാണ് നികുതി ഈടാക്കിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.09/24.09.2024) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെമേലും തൊഴിൽ നികുതി ചുമത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും തൊഴിൽ നികുതി കണക്കാക്കുന്നതിന് ഉൾപ്പെടുത്തേണ്ടതും അർദ്ധവർഷത്തിൽ ലഭിച്ചിട്ടുള്ളതുമായ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ആയതിന് ആനുപാതികമായ തൊഴിൽ നികുതി തൊഴിലുടമ സമർപ്പിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്. കുറവായി ഈടാക്കിയ തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

പഞ്ചായത്തിന്റെ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 25 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം

പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതുപ്രകാരം 2023-24 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അക്ഷയ കേന്ദ്രം, തലനാട് |
| 2 | തലനാട് പേപ്പർ പ്രോഡക്ട്സ് |
| 3 | റേഷൻ കടകൾ (5 എണ്ണം) |
| 4 | ഡെക്കാൻ റോക്ക്സ് |
| 5 | നീതി സ്റ്റോർ |
| 6 | രുചി ഹോം മെയ്ഡ് ഫുഡ് പ്രോഡക്ട്സ് |
| 7 | മാലൂസ് ടെക്സ്റ്റൈൽസ് |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന താരതമ്യേന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ ടി സ്ഥാപനങ്ങൾ പഞ്ചായത്ത് ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് തനത് വരുമാന സ്രോതസ്സ് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല എന്നതിന് തെളിവാണ്. അപാകതക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.08/27.06.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി പരിഷ്കരിക്കേണ്ടതാണ്.

**1-17 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു .

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ശ്രീ. സുനിൽ പി എസ് |
| 2. | ശ്രീ. എം ജി ഗോപിനാഥൻ |
| 3. | ശ്രീ. റിജു ഐ ബി |
| 4. | ശ്രീമതി തസ്നി മൻസൂർ |
| 5. | ശ്രീ. ഷാജി മാത്യു |
| 6. | ശ്രീ. സിജോ കുര്യൻ |
| 7. | ശ്രീ. ഡെന്നി ജോസ് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ

അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി മുൻവർഷങ്ങളിലും ഈടാക്കിയിട്ടില്ല. കരാറുകാരുടെയും പ്രൊഫഷണൽസിന്റെയും ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.07/2023-24/24-09-2024) നൽകിയതിന് മറുപടിയായി മേൽ പട്ടികയിലുൾപ്പെട്ടവർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . കരാറുകാരുടെ തൊഴിൽ നികുതി 2023-24 വർഷത്തേത് കുടിശികയായി Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

**1-18 റേഷൻ കടകളും കള്ളുഷാപ്പുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരം റേഷൻ കടകളെയും ഇനം 139 പ്രകാരം കള്ളുഷാപ്പുകളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ സി.എസ്(എ) 9/764/2019 നമ്പർ കത്ത് പ്രകാരവും റീട്ടെയിൽ റേഷൻ ഡിപ്പോകൾ ലൈസൻസ് ഫീസ് ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-19 ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നീ ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/42 | ജിയോ ബേബി | ഹോം സ്റ്റേ |
| 2 | VIII/78 A | എം.കെ.ശിവരാമൻ | |

ഇപ്രകാരം ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10/24.09.2024) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

**1-20 ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു**

തലനാട് ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിക്കായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഈരാറ്റുപേട്ട

ശാഖയിൽ രണ്ട് അക്കൗണ്ടുകൾ തുടങ്ങിയിരുന്നു. മേൽ അക്കൗണ്ടിൽ താഴെപ്പറയും പ്രകാരം തുകകൾ ബാക്കി നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | പദ്ധതി | അക്കൗണ്ട് നം. | 05.07.2024 ൽ നീക്കിയിരിപ്പുള്ള തുക |
|---|---|---|---|
| 1 | ആശ്രയ പദ്ധതി (ജനറൽ) | 720102010004685 | 4009.08 |
| 2 | ആശ്രയ പദ്ധതി (എസ് റ്റി) | 720102010004686 | 26955.59 |

നിലവിൽ ആശ്രയ പദ്ധതിയുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കായി തുക ചെലവഴിക്കുന്നില്ല. മേൽ സാഹചര്യത്തിൽ അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം പരിശോധിക്കേണ്ടതും പലിശ ഇനത്തിലുള്ള തുകകളാണ് നിലനിൽക്കുന്നതെങ്കിൽ ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

### 1-21 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേയ്ക്ക് ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടേയും ഓരോ മാസത്തെയും അടിസ്ഥാനശമ്പളത്തിന്റെ 15% നിരക്കിലുള്ള തുക പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ചെലവ് വൗച്ചറുകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ തൻവർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുക ഒടുക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് (ബാലൻസ് ഷീറ്റ് പ്രകാരം) | 2320725 |
| 2023-24 ലെ പെൻഷൻ കോൺട്രിബ്യൂഷൻ | 549598 |
| ആകെ | 2870323 |

തനതുവരുമാനം വളരെയധികം കുറവുള്ള ഗ്രാമപഞ്ചായത്തായതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിന്റെ പ്രത്യേകമായ ഭൂപ്രകൃതി മൂലം തനത് ഫണ്ട് വരുമാന വർദ്ധനവിന് പെട്ടെന്നുള്ള നിർദ്ദേശങ്ങൾ പ്രായോഗികമല്ല. നികുതി വരവുകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-22 മഴക്കാലപൂർവ്വ ശുചീകരണം - അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു

തലനാട് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലേക്കും മഴക്കാലപൂർവ്വ ശുചീകരണത്തിനായി 2023-24 വർഷം താഴെപ്പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തീക്കോയി ശാഖയിൽ അതാത് വാർഡ് മെമ്പർമാരുടേയും ഹെൽത്ത് ഇൻസ്പെക്ടറുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടുകളിലേക്കാണ് തുക നൽകി വരുന്നത്. തലനാട് ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ പേയ്മെന്റ് അക്കൗണ്ടായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഈരാറ്റുപേട്ട ടൗൺ ശാഖയിലെ 67388337388 നമ്പർ അക്കൗണ്ടിൽ നിന്നാണ് 2023-24 വർഷം തുകകൾ നൽകിയിട്ടുള്ളത്.

| വാർഡ് നം. | നൽകിയ തുക | അക്കൗണ്ട് നം. | ചെക്ക് നം., തിയതി |
|---|---|---|---|
| 1 | 10000 | 67039887068 | 859498/ 19.04.2023 |
| 2 | 10000 | 67039152612 | 866317/ 20.11.2023 |
| 3 | 10000 | 67039886938 | 866317/ 20.11.2023 |

| | | | |
|---|---|---|---|
| 4 | 10000 | 67039151607 | 866317/ 20.11.2023 |
| 5 | 10000 | 67039144758 | 866317/ 20.11.2023 |
| 6 | 10000 | 67039144678 | 866317/ 20.11.2023 |
| 7 | 10000 | 67039136361 | 866317/ 20.11.2023 |
| 8 | 10000 | 67039888040 | 866317/ 20.11.2023 |
| 9 | 10000 | 67039152725 | 866317/ 20.11.2023 |
| 10 | 10000 | 67039887411 | 859498/ 19.04.2023 |
| 11 | 10000 | 67039887251 | 859498/ 19.04.2023 |
| 12 | 10000 | 67039887320 | 859498/ 19.04.2023 |
| 13 | 10000 | 67155586034 | 859498/ 19.04.2023 |

2023-24 വർഷത്തെ 3, 4, 5, 6, 7, 9 വാർഡുകളുടെ ചെലവ് വിവരങ്ങളാണ് പരിശോധനക്ക് ഹാജരാക്കിയത്. ആയതിൽ 2023-24 വർഷം ലഭ്യമായ 10000 രൂപ ചെലവാക്കുകയും ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെലവിനു ശേഷം മേൽ വാർഡുകളുടെ അക്കൗണ്ടുകളിൽ താഴെപ്പറയും പ്രകാരം തുക നിലനിൽക്കുന്നുണ്ട്.

| വാർഡ് നം. | അക്കൗണ്ട് നം. | തുക |
|---|---|---|
| 3 | 67039886938 | 1160.91 |
| 4 | 67039151607 | 11829.25 |
| 5 | 67039144758 | 11590.25 |
| 6 | 67039144678 | 2128.00 |
| 7 | 67039136361 | 4597.25 |
| 9 | 67039152725 | 4161.00 |

മേൽ അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങളും ബാക്കിയുള്ള വാർഡുകളുടെ ചെലവ് വിവരങ്ങളും പാസ് ബുക്കുകളും (1, 2, 8, 10, 11, 12, 13 വാർഡുകൾ) അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/26.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ വാർഡുകളിലേക്കും തുക നൽകുന്ന അക്കൗണ്ടുകളുടെ പാസ്ബുക്ക് പരിശോധിക്കേണ്ടതും ഈയിനത്തിൽ മിച്ചം നിൽക്കുന്ന തുകകളോ പലിശ ഇനത്തിലുള്ള തുകകളോ ഉണ്ടെങ്കിൽ ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്.

**1-23 വെള്ളക്കരം അടവാക്കൽ- സംയുക്ത പരിശോധന നടത്തിയിട്ടില്ല-ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു**

ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ വെള്ളക്കരം ഇനത്തിൽ ആകെ 1033692/- രൂപ അടവാക്കിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 09/24 പ്രകാരമാണ് ടി തുക അടവാക്കിയിട്ടുള്ളത്. ആകെ 71 പൊതു ടാപ്പുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ടി പൊതു ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം വിവിധ ബില്ലുകൾ പ്രകാരം 86141/- രൂപയാണ്. നിലവിൽ പ്രവർത്തിക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനും 31.03.2024 ൽ ക്ലോസിംഗ് ബാലൻസായി കാണിച്ചിട്ടുള്ള 2811636/- രൂപ വെള്ളക്കരം ഇനത്തിൽ അടവാക്കേണ്ട തുകയാണോ എന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/24.09.24) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, ഭീമമായ കുടിശിക വന്നതിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-24 തലനാട് എൻ.എച്ച് .എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ<br>പേര് | എസ്.ഒ38/24<br>എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെനസറിക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 100000(മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| ചെലവ് | 100000(മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| ബിൽ നമ്പർ | 222/20.02.2024 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെനസറിക്ക് മരുന്ന വാങ്ങൽ പദ്ധതിക്കായി മാനേജിംഗ് ഡയറക്ടർ ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് 100,000/- രൂപ (അക്കൗണ്ട് നമ്പർ 34306403911) നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 100,000 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 തലനാട് പ്രൈമറി ഹെൽത്ത് സെന്റർ- നവീകരണം പൂർത്തിയായെങ്കിലും എഫ് എച്ച് സി ആയി അപ്ഗ്രേഡ് ചെയ്തിട്ടില്ല**

ആർദ്രം മിഷന്റെ ഭാഗമായി തലനാട് പ്രൈമറി ഹെൽത്ത് സെന്ററിനെ ഫാമിലി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ടി കെട്ടിടനിർമ്മാണച്ചുമതല നാഷണൽ ഹെൽത്ത് മിഷൻ ഏറ്റെടുക്കുകയും നിർമ്മാണം ജില്ലാനിർമ്മിതി കേന്ദ്രത്തെ ഏല്പിക്കുകയും ചെയ്തു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ പ്രകാരം 2200000/ രൂപ കൈമാറുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, വർഷം | ചെലവ് തുക | ബിൽ നമ്പർ തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 50/21 -2020 - 21 | 400000/ | 23/23.09.20 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| 2 | 5/22, 2021-22 | 1800000/ | 23/11.8.21 (600000)<br>74/24.3.22 (1200000) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

ഡിസ്ട്രിക്ട് ഹെൽത്ത് ആന്റ് ഫാമിലി ഫെൽഫെയർ സൊസൈറ്റി (ആരോഗ്യ കേരളം) കോട്ടയത്തിന്റെ എ കെ( കെ) 225/20-21 തീയതി 29.07.21 കത്ത് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തുക 3750000/ രൂപയാണ് എന്നും 1550000/ രൂപ എൻ.എച്ച്.എം നൽകുന്നതാണ് എന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും ആശുപത്രിയെ ഫാമിലി ഹെൽത്ത് സെന്റർ ആയി നിലവിൽ അപ്ഗ്രേഡ് ചെയ്തിട്ടില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ഹോസ്പിറ്റൽ അപ്ഗ്രേഡ് ചെയ്യുന്നതിന് ഭരണ തലത്തിൽ

വേണ്ട ഇടപെടൽ നടത്തി ചെലവഴിച്ച തുകയുടെ പ്രയോജനം പഞ്ചായത്തിന് പൂർണ്ണമായും ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-26 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികൾ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല**

**1.ഡെപ്പോസിറ്റ് പ്രവൃത്തികൾ**

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രവൃത്തി | തുക |
|---|---|---|
| 176/24 | 7-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 11599/- (ബിൽ നമ്പർ 255/12.03.24) |
| 177/24 | 7-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 68400/- (ബിൽ നമ്പർ 254/12.03.24) |

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ ഡിവിഷൻ പാല) പേരിലാണ് ടി തുക കൈമാറിയിട്ടുള്ളത്. മേൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ രണ്ടു പ്രോജക്ടുകൾക്കുമായുള്ള 79999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2.മിനി മാസ് /ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കൽ -പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

| പ്രജക്റ്റ് നമ്പർ | പ്രവർത്തി | തുക |
|---|---|---|
| 169/24 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വാർഡ് 10,12 | 160000/-(ബിൽ നമ്പർ 319/25.03.24) |
| 171/24 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വാർഡ്-9 | 28589/-(ബിൽ നമ്പർ 197/29.01.24) |

മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി റിസ് സാഫ് ലൈറ്റിംഗ് സൊലൂഷൻ എന്ന സ്ഥാപനത്തിന്റെയും ഹൈമാസ് ലൈറ്റ് സ്ഥാപിക്കുന്നതിനായി കല്ലൂർ ഇലക്ട്രോണിക്സ് ആന്റ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2/20.09.24) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തികൾക്കായി ആകെ ചെലവഴിച്ച തുക 188589/-രൂപ (160000+28589) തടസ്സപ്പെടുത്തുന്നു.

**1-27 സുഭിക്ഷകേരളം- മുറ്റത്തൊരു മീൻതോട്ടം- പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റ് നം. | 73/24 |
| അടങ്കൽ | 140000 രൂപ ( 56000 രൂപ വികസന ഫണ്ട് + 84000 രൂപ ഗുണഭോക്തൃവിഹിതം) |
| ചെലവ് | 120000 രൂപ ( 48000 രൂപ വികസന ഫണ്ട് + 72000 രൂപ ഗുണഭോക്തൃവിഹിതം) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

തലനാട് ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 30000 ലിറ്റർ കപ്പാസിറ്റിയുള്ള പടുതാക്കുളം നിർമ്മിച്ച് പമ്പ് സെറ്റ്, എയിറേറ്റർ പമ്പ്, നെറ്റ് എന്നിവ വാങ്ങുന്നതിനുമായി 20000/- രൂപയാണ് യൂണിറ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 8000/- രൂപ പ്രകാരം 6 ഗുണഭോക്താക്കൾക്കായി വികസന ഫണ്ടിൽ നിന്നും 48000/- രൂപ ചെലവഴിച്ച (ബിൽ നം. 1/23-24 /25.3.24).

ഫയൽ പരിശോധിച്ചതിൽ മൽസ്യകൃഷിക്കുള്ള കുളവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സബ്സിഡിയാണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയും മൽസ്യത്തീറ്റ വാങ്ങി നൽകിയതിന്റെയും മൽസ്യക്കുളം ഫിഷറീസ് പ്രൊമോട്ടർ പീരിയോഡിക്കൽ പരിശോധന നടത്തി മൽസ്യക്കുഞ്ഞുങ്ങളുടെ വളർച്ച വിലയിരുത്തിയതിന്റെയും വിവരങ്ങൾ ഉൾപ്പടെയുള്ള തുടർ പ്രവർത്തനങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (12/24.09.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിനൊപ്പം ഗുണഭോക്താക്കൾ മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കി. എന്നാൽ മൽസ്യത്തീറ്റ വാങ്ങി നൽകിയതിന്റെയും മൽസ്യക്കുളം ഫിഷറീസ് പ്രൊമോട്ടർ പീരിയോഡിക്കൽ പരിശോധന നടത്തി മൽസ്യക്കുഞ്ഞുങ്ങളുടെ വളർച്ച വിലയിരുത്തിയതിന്റെയും വിവരങ്ങൾ, മോണിട്ടറിംഗ്സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ 48000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 24-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്- പൊളിച്ചുമാറ്റിയ ആസ്ബെറ്റോസ് ഷീറ്റിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട്. നം. | 100/24 |
| അടങ്കൽ | 410000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 410000/- രൂപ (ബിൽ നം. 16/23-24/ 25.01.2024 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം 67.24 M2 ആസ്ബെസ്റ്റോസ് ഷീറ്റ് റൂഫിംഗ് പൊളിച്ച് മാറ്റിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പൊളിച്ച് മാറ്റിയ ഷീറ്റുകളുടെ മൂല്യനിർണ്ണയം നടത്തി പഞ്ചായത്തിന് കൈമാറി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (16/26.9.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സർവ്വേറിപ്പോർട്ട് തയ്യാറാക്കി പൊളിച്ച് മാറ്റിയ ഷീറ്റുകൾ ലേലം ചെയ്യുന്നതിന് അനുവാദത്തിനായി ഉടൻ പഞ്ചായത്ത് കമ്മറ്റിയിൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. പൊളിച്ച് മാറ്റിയ ഷീറ്റുകളുടെ മൂല്യനിർണ്ണയം നടത്തി പഞ്ചായത്തിന് കൈമാറി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 മരാമത്ത് പ്രവൃത്തികളുടെ ഇൻഷ്വറൻസ് രേഖകൾ സമർപ്പിക്കാത്തത്**

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ പ്രവൃത്തിയ്ക്ക്

200000/- രൂപയുടെ ഇൻഷ്വറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എൻജിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ പറയുന്നു. ഇൻഷ്വറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ട് എങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ (5/23.9.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരുടെ ബില്ലിൽ നിന്നും കരാർ തുകയുടെ 0.2% കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുള്ളതാണ് എന്ന് അറിയിച്ചു. എല്ലാ കരാറുകാരും നിയമാനുസൃത ടെണ്ടർ നടപടികൾ പാലിച്ചാണ് പ്രവൃത്തികൾ ചെയ്യുന്നതെന്നും ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**1-30 കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല**

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ ബാരലൊന്നിന് 238/-രൂപ പ്രകാരവും 18% ജി.എസ്.റ്റിയും ഈടാക്കാവുന്നതാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 105/24 വാർഡ് 10- ചേരിപ്പാട് ഞണ്ട്കല്ല് റോഡ് ടാറിംഗ് കരാറുകാരൻ- ജോമി മാത്യു, പ്ലാത്തോട്ടത്തിൽ | 10 | വില 2380/- ജി.എസ്.ടി 18%- 428/- |
| 2 | 114/24 വാർഡ് 9- മുസ്ലീംപള്ളി റോഡ് ടാറിംഗ് കരാറുകാരൻ- നീലേഷ് എബ്രഹാം അത്യാലിൽ | 6 | വില 1428/- ജി.എസ്.ടി 18%- 257/ |
| | ആകെ | 16 | വില 3808/- ജി.എസ്.ടി 18%- 685 |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട്

നൽകിയ (4/23.9.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 2 ലെ 1685 രൂപ കരാറുകാരൻ ഒടുക്കിയിട്ടുണ്ടെന്നും (രസീത് നം. 1240100240/G050608/27.09.24) ക്രമ നം 1 ലെ കരാറുകാരൻ ശ്രീ ജോമി മാത്യുവിനെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും തുകകൾ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-31 ലൈഫ് ഭവന പദ്ധതി അവലോകനം**

തലനാട് ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതി വിവിധ ഘട്ടങ്ങളിലായി ഏറെക്കുറെ കുറ്റമറ്റ രീതിയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ രണ്ടുപേരുടെ ഭവനനിർമ്മാണം പൂർണ്ണമായും നിലച്ചിരിക്കുന്ന അവസ്ഥയിലും പൂർത്തിയാക്കുവാൻ അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിലുമാണുള്ളത്. ലൈഫ് പദ്ധതിയുടെ നാളിതുവരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | കരാറിലേർപ്പട്ടവർ | പൂർത്തീകരിച്ചവർ | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ഫേസ്-01 | 02 | 02 | 0 |
| ഫേസ്-02 | 40 | 39 | 01 |
| ഫേസ്-03 | 12 | 10 | 02 |
| എസ്.റ്റി അഡീഷണൽ ലിസ്റ്റ് | 17 | 14 | 03 |
| എസ്.സി അഡീഷണൽ ലിസ്റ്റ് | 01 | 01 | 0 |
| ലൈഫ്-20/20 | 27 | 04 | 23 |

**ഭവനനിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്നവരുടെ വിവരങ്ങൾ**

ലൈഫ് ഭവന നിർമ്മാണത്തിനായി കാരാറിലേർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി തുക കൈപ്പറ്റുകയും നിലവിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചലവസ്ഥയിലായിരിക്കുകയും ചെയ്യുന്ന രണ്ടു ഗുണഭോക്താക്കളാണുള്ളത്.ടി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക നൽകിയ തീയതി | നൽകിയ തുക രൂപ |
|---|---|---|
| പാത്തുമ്മ പി.വി പുളിക്കൽ,മേസരിപ്പടി(ജനറൽ) | 26.06.2023 | 40000(തറ നിർമ്മാണം പൂർത്തീകരിച്ചു) |
| സെബാസ്റ്റ്യൻ സാമുവൽ പൊട്ടൻപ്ലാക്കൽ-അട്ടിക്കളം(എസ്.റ്റി) | 24.09.2021 | 90000 |
| | 23.03.2023 | 110000(തറ നിർമ്മാണം പൂർത്തീകരിച്ചു) |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെങ്കിൽ ടി ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുകകൾ അടിയന്തിരമായി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവന നിർമ്മാണം പൂർത്തിയാക്കുവാനവശേഷിക്കുന്ന മറ്റു ഗുണഭോക്താക്കളുടെ എല്ലാം തന്നെ നിർമ്മാണ

പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നുകൊണ്ടിരിക്കുന്നവയാണ്. ആയവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന മുഖേനയുള്ള മാലിന്യ സംസ്കരണം. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും ആയതിന് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ മലയോര മേഖലയിൽ ഉൾപ്പെട്ട തലനാട് ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലായി ആകെ ജനസംഖ്യ 5000 ൽ താഴെ മാത്രമാണുള്ളത്. ആകെ ആക്ടീവായിട്ടുള്ള വീടുകൾ 1552 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 73 എണ്ണവുമാണ്. 13 വാർഡുകളിലായി 13 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. ഹരിതമിത്രം ആപ്പ് മുഖേന എല്ലാ വീടുകളേയും സ്ഥാപനങ്ങളേയും മാലിന്യ സംസ്കരണത്തിന്റെ ഭാഗമാക്കുന്നുണ്ട്. വീടുകളിൽ നിന്ന് 50 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ വീതവുമാണ് യൂസർ ഫീ ഈടാക്കുന്നത്. കേരള ഗ്രാമീൺ ബാങ്കിന്റെ ഈരാറ്റുപേട്ട ശാഖയിലുള്ള 40545101053504 നമ്പർ അക്കൗണ്ടാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. എന്നിരുന്നാലും 2023-24 സാമ്പത്തിക വർഷത്തിൽ 80% യൂസർ ഫീ കളക്ഷൻ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. വ്യാജ വാർത്തകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. വീടുകളുടെ എണ്ണത്തിലുള്ള കുറവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഹരിതകർമ്മസേനയുടെ വരുമാനക്കുറവിന് കാരണമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ചില വിദൂര മേഖലകളിൽ മൊബൈൽ ഫോണുകൾക്ക് റേഞ്ച് കുറവായതിനാൽ ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനത്തിലും ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

**മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത**

എല്ലാ മാസവും 01-ാം തീയതി മുതൽ 10 വരെയുള്ള ദിവസങ്ങളിൽ വീടുകളിൽനിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ എത്തിക്കുകയും അവിടെ നിന്ന് 11-ാം തീയതി മുതൽ 15 വരെയുള്ള ദിവസങ്ങളിൽ മെയിൻ എം.സി.എഫിലേക്ക് മാലിന്യങ്ങൾ എത്തിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. 50% മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നു. എന്നാൽ സ്ഥലപരിമിതി, ദുർഘട മേഖല മുതലായ കാരണങ്ങളാൽ മുഴുവൻ മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിക്കാൻ കഴിയാതെ വരുന്നു. ബാക്കിയുള്ളവ മിനി എം.സി.എഫുകൾ, മെയിൻ എം.സി.എഫ് എന്നിവയിൽ വേർതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും

ചെയ്യുന്നു. വാടക വാഹനം ഉപയോഗിച്ചാണ് മിനി എം സി എഫുകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ക്വട്ടേഷൻ വിളിച്ചാണ് വാഹനം വാടകയ്ക്ക് എടുക്കുന്നത്. പ്രോജക്ട് രൂപീകരിച്ചാണ് വാഹന വാടക നൽകുന്നത്. 2024-25 വർഷം പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. കൂടാതെ പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലെഗസി മാലിന്യങ്ങൾ വിവിധ ക്യാമ്പയിനുകൾ നടത്തി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നുണ്ട്.

മാലിന്യശേഖരണത്തിനായി ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ടി കലണ്ടർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന മുഖാന്തിരം നൽകുകയും പ്രസ്തുത കലണ്ടർ പ്രകാരം അജൈവ മാലിന്യശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. കെൽട്രോൺ വഴി ഹരിതമിത്രം ആപ്പിന്റെ പരിശീലനവും മാലിന്യം സെഗ്രിഗേഷൻ പ്രവർത്തനങ്ങളുടെ പരിശീലനവും ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയും വാർഡ് തല ഉദ്യോഗസ്ഥരെ ഓരോ വാർഡുകളിലും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാസത്തിലൊരിക്കൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് അംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പാതയോരങ്ങൾ, പൊതു ഇടങ്ങൾ, തോടുകൾ, കനാലുകൾ എന്നിവിടങ്ങളിലെ ലെഗസി മാലിന്യങ്ങൾ ശേഖരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നുണ്ട്.

വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജൈവമാലിന്യ സംസ്കരണ ഉപാധികളും ബയോ ബിന്നുകളും മറ്റും വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണ ഉപാധികൾ പൊതുജനങ്ങൾക്ക് നൽകുമ്പോൾ അവയുടെ തുടർപരിപാലനം ഹരിതകർമ്മസേനയെ ഏൽപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

**തൊഴിൽ സാദ്ധ്യത**

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിനാനുപാതികമായി പ്രതിമാസം 4000 മുതൽ 9000 രൂപ വരെ വരുമാനവും ലഭ്യമാകുന്നുണ്ട്. ഭൂപ്രകൃതി മൂലം പഞ്ചായത്തിലെ ചില വാർഡുകളിലെ ഭാഗങ്ങളിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് എത്തിപ്പെടുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 8-ാം വാർഡിൽ വരുമാനം തീരെ കുറവാണ്. ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണവും ശരാശരി മാസ വരുമാനവും ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം | തുക |
|---|---|---|
| 1 | 1 | 4350 |
| 2 | 1 | 6750 |
| 3 | 1 | 5300 |
| 4 | 1 | 5650 |
| 5 | 1 | 6000 |
| 6 | 1 | 4800 |
| 7 | 1 | 5250 |
| 8 | 1 | 1100 |
| 9 | 1 | 5400 |
| 10 | 1 | 5750 |
| 11 | 1 | 5600 |
| 12 | 1 | 5150 |

| | | |
|---|---|---|
| 13 | 1 | 9000 |
| ആകെ | 13 | - |

ജില്ലാ ശുചിത്വ മിഷന്റെ സഹകരണത്തോടെ നോട്ടീസ് അടക്കമുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും വിവിധ സോഷ്യൽ മീഡിയ, നവമാദ്ധ്യമങ്ങൾ മുതലായവ വഴി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിനോദ സഞ്ചാര മേഖലയായ അയ്യമ്പാറ, ഇല്ലിക്കൽ കല്ല് പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾ മാലിന്യങ്ങൾ വലിച്ചെറിയുന്നത് നീക്കം ചെയ്യുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. എങ്കിലും മേൽ ഭാഗങ്ങളിൽ ബോട്ടിൽ ബൂത്ത്, മിനി എംസിഎഫ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വാതിൽപടി ശേഖരണത്തിലെ ന്യൂനതകൾ കണ്ടെത്തി 100% യൂസർ ഫീ കളക്ഷൻ നേടുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഹരിത മിഷൻ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി പൂർണ്ണമായും ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ**

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് 2024-25 വർഷം വാഹനം വാങ്ങി നൽകിയിട്ടുണ്ട്. മൂന്ന് ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മാലിന്യങ്ങൾ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. തലനാട് ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ അയ്യമ്പാറ ഭാഗത്തും 9-ാം വാർഡിൽ തീക്കോയി എസ്റ്റേറ്റ് ഭാഗത്തും രണ്ട് താൽക്കാലിക മെയിൻ എം സി എഫുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഫയർ എസ്റ്റിഗ്യൂഷർ, ഫയർ ബെൽറ്റ്, കുടിവെള്ളം എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിതകർമ്മ സേനയ്ക്ക് മഴക്കാലങ്ങളിലും സെഗ്രിഗേഷൻ സമയങ്ങളിലും മറ്റും ഉപയോഗിക്കാനായി മഴക്കോട്ട്, ഗംബൂട്ട്, കയ്യുറകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ചില മാസങ്ങളിൽ കാലതാമസം നേരിടുന്നുണ്ട്. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ എം സി എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൻമേലുള്ള വിപുലമായ താൽപര്യം അതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ പ്രാപ്തരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 04.06.2024 | 23.09.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 79/23-24 ഞങ്ങളും കൃഷിയിലേക്ക് സ്ഥിരം കൃഷിക്ക് കൂലി ചിലവ് സബ്സിഡി | 100000 | 100000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 23/23-24 സാന്ത്വന പരിചരണ പദ്ധതി ജനറൽ | 100000 | 100000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 11/23-24 ലൈഫ് മിഷൻ ജനറൽ | 440000 | 440000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 50/23-24 ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം | 77600 | 77600 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 39/23-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 50000 | 50000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 169/23-24 10, 12 വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 160000 | 160000 | 0 |
| | **ആകെ** | **927600** | **927600** | **0** |

| | | | | |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 13/23-24 ലൈഫ് മിഷൻ എസ് ടി | 400000 | 400000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 50/23-24 ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം | 70000 | 70000 | 0 |
| | **ആകെ** | **470000** | **470000** | **0** |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 176/23-24 7-ാം വാർഡിൽ സ്ട്രീറ്റ് ലൈനിന് മീറ്റർ സ്ഥാപിക്കൽ | 254/ 12.03.2024 | 11599 | 0 | 11599 |
| | 177/23-24 7-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 255/ 12.03.2024 | 62400 | 0 | 62400 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 3328450 | 3317000 | 1842143 | - | 4803307 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല .

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2021-22 | 1-14 (3) | 600 | മാനേജർ കൊല്ലംപറമ്പിൽ ഗ്യാസ് ഏജൻസി തലനാട് | 1230100106/16.06.2023 |
| 2022-23 | 1-13 (2) | 360 | അക്ഷയകേന്ദ്രം തലനാട് | 1230100187/10.08.2023 |
| | ആകെ | 960/- | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2010-11 | 2-14 | ഡിപ്പോസിറ്റ് വർക്ക് - പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം | നിയമസഭാ സമിതിയുടെ (2014-16) റിപ്പോർട്ട് നമ്പർ 52, ഖ.79 പ്രകാരം തുടർനടപടി ശുപാർശ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 26586366.00 |
| റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 17912408.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | : | ഇല്ല |

| | | |
|---|---|---|
| അംഗീകരിക്കാത്ത തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 416588/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 100000 | സോഫിയ മാത്യു, സെക്രട്ടറി |
| 1-26(1) | 79999 | സോഫിയ മാത്യു, സെക്രട്ടറി |
| 1-26(2) | 188589 | സോഫിയ മാത്യു, സെക്രട്ടറി |
| 1-27 | 48000 | സനീത് കുമാർ എൻ.ടി. ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 416588 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754 (5)/2022 04.08.2022 | 1 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി2- 232/16/1.4.2016 | 2 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി2- 1300/11/26.3.12 | 4 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14-/2254 /2022, 31.03.2023 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(4)/03.02.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(5)/04.08.2022 | 3 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(6)/04.08.2022 | 4 |
| 09-10, 10-11,11-12 | കെ.എസ്.എ-കെ.ടി.എം.പി.14/20 /2024, 20.02.2024 | 2 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/1155(8)/04.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(1)/22/26.08.2022 | 5 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(2)/26.08.2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/ 1977/2022, 31.03.2023 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2022/754(4)/26.08.2022 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.14/975 /2022/06.03.2023 | 5 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.14/1493 /2021/26.07.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി- 14/ 199/23 /27.07.2023 | 15 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി- 14/ 1417/2023 /04.03.2024 | 29 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01(01) dated 01-06-2024 and submitted on 04-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Thalanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thalanadu Grama Panchayat as on 31-03-2024

Date: **18/10/2024**

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Thalanadu Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2024.
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated.
3. Documents for verification of capital contribution accounted not provided. Capital contribution

opening balance details, fundwise capital contribution of current year are not available.
4. The register showing the details of Capital Work in Progress not kept.

**2.Other Observations**

1. Adequate data and calculation sheets not maintained for depreciation calculations.
2. Rent income is accounted under wrong account head.
3. Details of the opening balance of Specific purpose grants not available in 2023-24 Appropriation Control Register.
4. Advance register is not maintained properly.
5. Accrual Entry and Reciept of Institution Profession tax, Rent are not properly made in specific account head.
6. Prior Period Expenditure of - (18,689) has not authorised with relevent source documents and not given as notes on account by Secretary.
7. Bank account for MGNREGS is not included in the AFS.
8. The details of the amount under the account head of Contractors Security Deposit is not recorded in the deposit register.
9. Contingent Expenses are not accounted on the exact account head.
10. Details of unspent contribution from Block Panchayath and District Panchayath remaining upto 31/03/2024 is not available in 2023-24 Appropriation Control Register.
11. Accumulated depreciation of assets (Roads and Bridges) is recorded in excess of the asset value.
12. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet did not match.
13. Expenditure on pension for the Mentally / Physically challenged persons are not included in the AFS.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്